/5625325/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**നമ്പർ.ഐറ്റി സെൽ-2/40/2023-വി.സാ.വ.**
വിവര സാങ്കേതിക വിദ്യാ (ഐറ്റി-സെൽ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 24-02-2023

**സർക്കുലർ**

വിഷയം:- വിവര സാങ്കേതിക വിദ്യാ വകുപ്പ് – പൊതുജനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന നിവേദനങ്ങൾക്ക് ഇ-മെയിൽ വഴി രസീത് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പൊതുജനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന നിവേദനങ്ങൾക്ക് ഇ-മെയിൽ വഴി രസീത് **(Acknowledgement)** നൽകുന്നതിനുള്ള സംവിധാനം നിലവിൽ ഇ-ഓഫീസിൽ ലഭ്യമാണ്. വകുപ്പുകളിൽ ലഭിക്കുന്ന നിവേദനങ്ങൾ ഇ-ഓഫീസ് സോഫ്റ്റ്‌വെയറിലൂടെ രജിസ്റ്റർ ചെയ്യുന്ന സമയത്ത് '**Receipt creation**' മോഡ്യൂളിൽ അപേക്ഷകനെ സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള വിവിധ ഫീൽഡുകളിൽ ഇ-മെയിൽ ഐ.ഡി. കൂടി രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. ആയതുവഴി അപേക്ഷകന്റെ ഇ-മെയിൽ ഐ.ഡി. കൂടി രേഖപ്പെടുത്തി, ടി പേജിൽ അവസാനമായി ഉൾപ്പെടുത്തിയിട്ടുള്ള **Personalize Acknowledgement** എന്ന ചെക്ക് ബോക്സിൽ ടിക് ചെയ്തശേഷം ജനറേറ്റ് ബട്ടണിൽ ക്ലിക് ചെയ്യുമ്പോൾ അപേക്ഷകന്റെ നിവേദനം സർക്കാരിൽ സ്വീകരിച്ചതായുള്ള രസീത് ടിയാന് ഇ-മെയിലിൽ വഴി ലഭ്യമാകുന്നതാണ്. എന്നാൽ മേൽ നടപടിക്രമങ്ങൾ സർക്കാർ ഓഫീസുകളിൽ പൊതുവായി ഉപയോഗിച്ചുവരുന്നതായി കാണുന്നില്ല. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നപക്ഷം അപേക്ഷകന് ലഭിക്കുന്ന രസീതിൽ രേഖപ്പെടുത്തിയിരിക്കുന്ന നമ്പർ **(Receipt Number)** ഉപയോഗിച്ച് **https://eoffice.kerala.gov.in** എന്ന പോർട്ടലിലൂടെ അപേക്ഷകന് തന്റെ നിവേദനത്തിന്റെ നിലവിലെ സ്ഥിതി ഓൺലൈനായി അറിയാൻ സാധിക്കും.

മേൽ സാഹചര്യത്തിൽ, പൊതുജനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ ഇ-ഓഫീസ് സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്യുന്ന സമയത്ത് പരാതിക്കാരന്റെ ഇ-മെയിൽ ഐ.ഡി. ലഭ്യമാണെങ്കിൽ ആയത് ഇ-ഓഫീസിലെ '**Receipt Creation**' മോഡ്യൂളിൽ രേഖപ്പെടുത്തി '**Personalize Acknowledgement**' എന്ന ഓപ്ഷൻ നിർബന്ധമായും തെരഞ്ഞെടുത്ത് മാത്രം പരാതികൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഈ നിർദ്ദേശം പാലിക്കുന്നു എന്ന് എല്ലാ വകുപ്പു തലവന്മാരും ഉറപ്പ് വരുത്തേണ്ടതാണ്.

ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്
സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Rajesh G S
Date: 27-02-2023 10:45:52
സെക്ഷൻ ഓഫീസർ.

ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ സെക്രട്ടേറിയറ്റ് വകുപ്പുകൾക്കും
എല്ലാ വകുപ്പു മേധാവികൾക്കും
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഐ.ടി. മിഷൻ
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി